ഉത്തരം

(എ—സി) കൃഷി രീതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒന്നും തന്നെ മൃഗസംരക്ഷണ വകുപ്പ് നൽകുന്നില്ല.

സ്വകാര്യ കമ്പനികളുടെ കീടനാശിനികൾ

49 [5503] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ തന്നെ ഗവേഷണ വിഭാഗം വികസിപ്പിച്ചെടുത്ത കീടനാശിനികൾ ഉപയോഗിക്കുന്നതിന് പകരം സ്വകാര്യ കമ്പനികളുടെ ഉൽപ്പന്നങ്ങൾ വാങ്ങുവാനാണ് വകുപ്പിലെ ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സർക്കാർ ഗവേഷണംവഴി കണ്ടുപിടിച്ച ഉൽപ്പന്നങ്ങൾ മാത്രം പരമാവധി നിർമ്മിക്കുവാനും ഉപയോഗിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. കൃഷി വകുപ്പുമുഖേന കീടനാശിനികൾ കമ്പനികളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്ന സംവിധാനം ഇപ്പോഴില്ല.

(ബി) ഉദിക്കുന്നില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

കൃഷി വകുപ്പിന്റെ ഭൂമി വാഗമൺ ഇന്റർനാഷണൽ ഹോട്ടലിനുവേണ്ടി വിട്ടുകൊടുത്ത നടപടി

50 [5504] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള ഭൂമി മറ്റാവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് വിട്ടുകൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ

(സി) കൃഷി വകുപ്പിന്റെ ഭൂമി വാഗമൺ ഇന്റർനാഷണൽ ഹോട്ടലിനുവേണ്ടി വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇതിനായി ടൂറിസം വകുപ്പിന് കൈമാറിയിട്ടുള്ളതെന്ന് പറയാമോ;

(ഡി) കൃഷി വകുപ്പ് മിച്ചമെന്ന് കണ്ട ഭൂമിയാണോ ടൂറിസത്തിന് കൈമാറിയതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly